**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2571** **17-03-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യമേഖലയിൽ - വ്യവസായ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുമതി നൽകുമെന്ന ബജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; ആയതിനായി നിയമനിർമ്മാണം ആവശ്യമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്ന പദ്ധതി നിലവിലുണ്ട്. നിലവിലുള്ള നയത്തിൽ ഭേദഗതി ചെയ്ത് പുതിയ നയം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, റോഡ് തുടങ്ങിവ എസ്റ്റേറ്റിൽ ലഭ്യമാക്കുന്നതിൽ സർക്കാർ സഹായം ലഭ്യമാക്കുമോ; വ്യവസായത്തിന് വേണ്ട അനുമതികൾ ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സംവിധാനമൊരുക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | 20/06/17-ലെ G.O(Ms) 47/2017/ID പ്രകാരം അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ്, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കുന്നതിന് ഡവലപ്പർക്ക് സഹായം നല്കുന്നതിനും അതിർത്തി വരെ വൈദ്യുതി എത്തിക്കുന്നതിന് രണ്ടു കോടി രൂപാ വരെ സർക്കാർ ധനസഹായം ലഭ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ